മുതിർന്നവർക്കുള്ള ശബ്ബത്ത് സ്കൂൾ പാഠങ്ങൾ

# ക്രിസ്തുവിൽ ഒന്ന്

ഡെന്നിസ് ഫോർടിൻ

നാലാം ക്വാർട്ടർ
(ഒക്ടോബർ, നവംബർ, ഡിസംബർ)
2018

വിവർത്തനം: സി. ജെ. ആന്റണി

# ഉള്ളടക്കം

1. സൃഷ്ടിപ്പും പതനവും
(സെപ്തംബർ 29 - ഒക്ടോബർ 5) ........ 5.

2. അനൈക്യത്തിന്റെ കാരണങ്ങൾ
(ഒക്ടോബർ 6 - 12) ........ 13.

3. "അവർ എല്ലാവരും ഒന്നാകേണ്ടതിനു"
(ഒക്ടോബർ 13 - 19) ........ 22.

4. ഐക്യത്തിന്റെ താക്കോൽ
(ഒക്ടോബർ 20 - 26) ........ 32.

5. ആദിമസഭയിലെ ഐക്യ അനുഭവം
(ഒക്ടോബർ 27 - നവംബർ 2) ........ 40.

6. ഐക്യത്തിന്റെ ചിത്രങ്ങൾ (നവംബർ 3 - 9) ........ 49.

7. ഭിന്നതകൾ ഉണ്ടാകുമ്പോൾ (നവംബർ 10 - 16) ........ 58.

8. വിശ്വാസത്തിലെ ഐക്യം (നവംബർ 17 - 23) ........ 66.

9. ഏറ്റവും വിശ്വാസ്യമായ തെളിവ്
(നവംബർ 24 - 30) ........ 75.

10. ഐക്യവും തകർന്ന ബന്ധങ്ങളും
(ഡിസംബർ 1 - 7) ........ 84.

11. ആരാധനയിലെ ഐക്യം (ഡിസംബർ 8 - 14) ........ 92.

12. സഭാഘടനയും ഐക്യവും
(ഡിസംബർ 15 - 21) ........ 101.

13. ഐക്യത്തിന്റെ അന്തിമ വീണ്ടെടുപ്പ്
(ഡിസംബർ 22–28) ........ 109.

പാഠം 5

# ആദിമസഭയിലെ ഐക്യ അനുഭവം

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക:**അ.പ്ര.1:12–14, അ.പ്ര.2:5–13, വെളി. 14:12, അ.പ്ര. 2:42–47, അ.പ്ര. 4:32–37, അ.പ്ര. 5:1–11, 2 കൊരി. 9:8–15.

**മനഃപാഠവാക്യം: "അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു." (അപ്പൊ. പ്രവർത്തി കൾ 2:42)**

യേശുവാണ് സത്യം. അവനിലുള്ള പങ്കുവയ്ക്കലിന്റെ ആത്മീയ അനുഭവത്തി ലാണ് സഭൈക്യം നിലനിൽക്കുന്നത്. "ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു: ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല" (യോഹ. 14:6). കൂട്ടായ്മയുടെ ഉറച്ച ബന്ധങ്ങൾ വാർത്തെടുക്കുന്നത് പൊതു ആത്മീയ യാത്രയിലൂടെയും അനുഭവങ്ങളിലൂടെയുമാണ്. വില്ല്യം മില്ലറുടെ കാല ഘട്ടത്തിലെ കൂട്ടായ്മയിൽ ആദിമ അഡ്വന്റിസ്റ്റുകാർക്ക് അത്തരമൊരു അനുഭവ മായിരുന്നു. 1844–ൽ ഉണ്ടായ നിരാശാ അനുഭവം ആ ഹൃദയങ്ങളെ ഒന്നിച്ചു നിർത്തി. തങ്ങളുടെ അനുഭവത്തിനു കാരണം അറിയണമായിരുന്നു. ഇതാണ് സെവൻത് ഡേ അഡ്വന്റിസ്റ്റ് സഭയ്ക്ക് ജന്മം നൽകിയത്. അങ്ങനെ രണ്ടാം വരവിനു മുന്നോ ടിയായ ന്യായവിധിയെക്കുറിച്ചുള്ള സകല സത്യങ്ങളും വെളിപ്പെട്ടു.

യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം ശിഷ്യന്മാർക്കുണ്ടായ അനുഭവം ഒരു സാക്ഷ്യമാണ്. വിവിധ സാഹചര്യമുള്ള വിശ്വാസികളിൽ ഐക്യവും സമാ ധാനവും സൃഷ്ടിക്കാൻ ദൈവവചനത്തിനും പ്രാർത്ഥനയ്ക്കും ഒരുമനപ്പെട്ട കൂട്ടാ യ്മയുടെ ശക്തിക്കും എങ്ങനെ കഴിഞ്ഞു എന്നതിന്റെ സാക്ഷ്യം. ഇതേ അനുഭവം ഇന്നും സാദ്ധ്യമാകും.

"സംഘടിതമായ ആരാധനയിൽ കൂട്ടായ്മയെന്നത് വളരെ പ്രാധാന്യമുള്ള ഘട കമാണെന്ന് ഞാൻ ശഠിക്കും... സഹവിശ്വാസികളുമായും യേശുവുമായും ബന്ധി പ്പിച്ചു നിർത്തുന്ന ഈ ആത്മീയ ഐക്യബന്ധം തിരിച്ചറിയുക എന്നതിനു അപ്പുറം ക്രിസ്ത്യാനിക്ക് മറ്റൊന്നുമില്ല. യേശുക്രിസ്തു ആദ്യം ഒരാത്മാവിനെ തന്നോടു ചേർക്കുന്നു, എന്നിട്ടോ തന്റെ ശരീരമാകുന്ന സഭയിലെ മറ്റംഗങ്ങളുമായും അതിനെ ഒരുമിപ്പിക്കുന്നു."– റോബർട് ജി. റേയ്ബേൺ – *"ഓ കം ലെറ്റസ് വർഷിപ്" (ഗ്രാൻഡ് റാപിഡ്സ്: ബേക്കർ ബുക് ഹൗസ്, 1980), പേജ് 91.*

**ഞായർ** **ഒക്ടോബർ 28**

### ഒരുക്കദിനങ്ങൾ

മരണത്തിനു മുമ്പ് ശിഷ്യരുമായി പങ്കിട്ട നാഴികകളിൽ അവരെ ഒറ്റയ്ക്കു വിടി ല്ലെന്ന് യേശു ഉറപ്പു നൽകി. സുവിശേഷവേലയിൽ അവർക്ക് അകമ്പടിയായി പരിശുദ്ധാത്മാവെന്ന മറ്റൊരു സഹായകനെ നൽകുമെന്ന ഉറപ്പ്. യേശു പറയുകയും

പ്രവർത്തിക്കുകയും ചെയ്ത അനേക കാര്യങ്ങൾ ഓർമ്മിക്കാൻ ആത്മാവ് അവരെ സഹായിച്ചു (യോഹ. 14:26). കൂടാതെ അനേക സത്യങ്ങൾ കണ്ടെത്താനും മാർഗ്ഗ ദർശിയായി (യോഹ. 16:13). സ്വർഗ്ഗാരോഹണ ദിനത്തിൽ യേശു ഈ വാഗ്ദത്തം പുതുക്കി. "നിങ്ങൾ ക്കോ ഇനി ഏറെ നാൾ കഴിയും മുമ്പേ പരിശുദ്ധാത്മാവു കൊണ്ടു സ്നാനം ലഭിക്കും..... പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾക്കു ശക്തി ലഭിക്കും" (അ.പ്ര. 1:5,8). യെരൂശലേമിലും യെഹൂദ്യയിൽ എല്ലാ യിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും സാക്ഷികളാകുവാൻ പ്രാപ്ത രാക്കുന്ന ശക്തി പരിശുദ്ധാത്മാവ് പ്രദാനം ചെയ്യും (അ.പ്ര. 1:8).

**അ.പ്ര.1:12-14 വായിക്കുക. പത്തു ദിവസം ശിഷ്യന്മാർ എന്തു ചെയ്തു?**

തീവ്ര ആത്മീയ ഒരുക്ക ദിനങ്ങളായി ദശദിനങ്ങളെ സങ്കൽപിക്കാം. ശിഷ്യരൊരു മിച്ച് യേശുവിന്റെ ഓർമ്മകൾ ധ്യാനിച്ച ദിവസങ്ങൾ. അവന്റെ പ്രവൃത്തികളും പഠി പ്പിക്കലുകളും അത്ഭുതങ്ങളും അവർ അയവിറക്കി. അവർ "പ്രാർത്ഥനയിലും അപേ ക്ഷയിലും ഒരുമനപ്പെട്ടിരുന്നു" (അ.പ്ര. 1:14).

"വാഗ്ദത്ത പൂർത്തീകരണത്തിനായി കാത്തിരുന്നപ്പോൾ അവർ ഹൃദയങ്ങളെ പശ്ചാത്താപത്താൽ താഴ്ത്തി അവിശ്വാസികളെന്ന് ഏറ്റുപറഞ്ഞു. മരിക്കും മുമ്പ് ക്രിസ്തു പറഞ്ഞ വാക്കുകൾ ഓർത്തെടുത്ത അവർക്ക് അതിന്റെ പൂർണ്ണ അർത്ഥം ഗ്രഹിപ്പാൻ സാധിച്ചു. മറന്നു പോയ പല സത്യങ്ങളും അവരുടെ മനസ്സിലേക്ക് കട ന്നുവന്നു, അതവർ പരസ്പരം പങ്കുവച്ചു. രക്ഷകനെ തെറ്റിദ്ധരിച്ചതിന് സ്വയം കുറ്റ പ്പെടുത്തി. യേശുവിന്റെ അത്ഭുത ജീവിതരംഗങ്ങൾ ഒന്നൊന്നായി അവർക്കു മുന്നിൽ അണിനിരന്നു. യേശുവിന്റെ വിശുദ്ധ ജീവിതത്തെക്കുറിച്ച് ധ്യാനിച്ചപ്പോൾ തങ്ങളുടെ ജീവിതത്തിൽ ക്രിസ്തുവിന്റെ മനോഹരമായ സ്വഭാവത്തിനു സാക്ഷി കളാകുന്നതിന് എത്ര വലിയ കഷ്ടമോ എന്തു ത്യാഗമോ അധികമാവില്ലെന്ന് അവർക്കു തോന്നി. ഓ, കഴിഞ്ഞുപോയ ആ മൂന്നു വർഷങ്ങൾ ഒരിക്കൽ കൂടി ജീവിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ എത്രമാത്രം മാറ്റത്തോടെ പ്രവർത്തിക്കാമായി രുന്നു! അവർ ചിന്തിച്ചു. ഗുരുവിനെ ഒരു നോക്കു കൂടി കണ്ടിരുന്നെങ്കിൽ എത്ര മാത്രം ആഴത്തിൽ സ്നേഹിക്കുന്നുവെന്ന് കാണിക്കാൻ ആത്മാർത്ഥമായി ശ്രമി ക്കുമായിരുന്നു. അവിശ്വാസത്തിന്റെ ഒരു വാക്കോ പ്രവർത്തിയോ മൂലം ഗുരുവിനെ വേദനിപ്പിച്ചതിന് അവർ ദുഃഖാർത്തരാകുമായിരുന്നു. എന്നാൽ സകലതും ക്ഷമി ക്കപ്പെട്ടു എന്ന ചിന്ത അവരെ ആശ്വസിപ്പിച്ചു. ആയതിനാൽ അവിശ്വാസത്തിനു പ്രായശ്ചിത്തമായി ലോകത്തിനു മുന്നിൽ ഏതറ്റം വരെയും യേശുവിന്റെ സാക്ഷി കളാകാൻ അവർ തീരുമാനിച്ചു...... സകല വേർതിരിവുകളും മേൽക്കോയ്മ സ്ഥാപി ക്കാനുള്ള ആഗ്രഹങ്ങളും മാറ്റിവച്ചുകൊണ്ട് ക്രിസ്തീയ കൂട്ടായ്മയിൽ അവർ അടുത്തു വന്നു." - *എലൻ ജി. വൈറ്റ്, "ദി ആക്റ്റ്സ് ഓഫ് ദി അപ്പോസൽസ്", പേജ് 36, 37.*

**വിശ്വാസത്തിനുവേണ്ടി എന്തെല്ലാം ചെയ്യണമെന്നാണ് നിങ്ങളുടെ ആഗ്രഹം? കഴിഞ്ഞകാലത്തെക്കുറിച്ചുള്ള ഖേദം നൽകുന്ന പാഠം എങ്ങനെ ഭാവിക്കു ഗുണം ചെയ്യും?**

## ബാബേൽ മുതൽ പെന്തക്കൊസ്തു വരെ

യേശുവിന്റെ സ്വർഗ്ഗാരോഹണ ശേഷമുള്ള ആത്മീയ ഒരുക്ക ദിനങ്ങൾ പെന്തക്കൊസ്തുനാളിലെ സംഭവങ്ങളോടെ പരിസമാപിക്കുന്നു. ആദ്യ വാക്യം പറയുന്നു, ആ ദിനം ശിഷ്യന്മാരുടെ മേൽ പരിശുദ്ധാത്മാവിനെ പകരുന്നതിനു മുമ്പ് അവർ ഒരേ ഇടത്തിൽ ഒരുമനപ്പെട്ട് ഇരുന്നു. (അ.പ്ര.2:1).

എല്ലാ ഇസ്രായേൽ പുരുഷനും നിർബന്ധമായും പങ്കെടുക്കേണ്ടതായ മൂന്നു പ്രധാന പെരുന്നാളുകളിലെ രണ്ടാമത്തേതായിരുന്നു പഴയനിയമത്തിലെ പെന്തക്കൊസ്തു പെരുന്നാൾ. പെസഹയ്ക്കു ശേഷമുള്ള അമ്പതാം ദിവസമാണ് *(ഗ്രീക്കിൽ, പെന്തെക്കൊസ്തെ, അമ്പതാം ദിവസം)* അതാചരിച്ചിരുന്നത്. എബ്രായർ ഈ പെരുന്നാളിൽ, വിളവെടുപ്പിന്റെ ആദ്യഫലങ്ങൾ നന്ദിസൂചകമായി ദൈവത്തിനു കാഴ്ചയർപ്പിച്ചിരുന്നു.

യേശുവിന്റെ കാലം വന്നപ്പോഴേക്കും പെന്തക്കൊസ്തു പെരുന്നാളിൽ, സീനായ് മലയിൽ കല്പന നൽകിയതിന്റെ ആഘോഷവും ഉൾപ്പെടുത്തിയിരുന്നു (പുറ.19:1). യേശുവിനെ കുറിച്ചുള്ള ക്രിസ്തീയ ദൂതിൽ ദൈവകല്പനയുടെ പ്രാധാന്യം തുടർന്നും നമ്മൾ കാണുന്നു. ദൈവകല്പന ലംഘിച്ചവർ മാനസാന്തരപ്പെട്ടാൽ പാപക്ഷമ ലഭിക്കുന്നത് യേശുവിന്റെ ക്രൂശുമരണം നിമിത്തമാണ്. അന്ത്യകാലത്തെക്കുറിച്ചുള്ള ഒരു സുപ്രധാന വാക്യത്തിൽ സുവിശേഷത്തെക്കുറിച്ചും കല്പനയെക്കുറിച്ചും പറയുന്നതിൽ അത്ഭുതപ്പെടേണ്ടതില്ല: “ദൈവകല്പനയും യേശുവിങ്കലുള്ള വിശ്വാസവും കാത്തുകൊള്ളുന്ന വിശുദ്ധന്മാരുടെ സഹിഷ്ണുത കൊണ്ട് ഇവിടെ ആവശ്യം” (വെളി.14:12).

സീനായ് മലയിൽ മോശെ പത്തു കല്പനകൾ സ്വീകരിച്ചപ്പോൾ സംഭവിച്ചതുപോലെ (പുറ. 19:16-25; എബ്രാ. 12:18), ഈ പെന്തക്കൊസ്തു പെരുന്നാളിലും അനേകം അസാധാരണ കാര്യങ്ങൾ സംഭവിച്ചു. “പെട്ടെന്നു കൊടിയ കാറ്റടിക്കുന്നതുപോലെ ആകാശത്തുനിന്ന് ഒരു മുഴക്കമുണ്ടായി, അവർ ഇരുന്നിരുന്ന വീടു മുഴുവനും നിറച്ചു. അഗ്നിജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി അവരിൽ ഓരോരുത്തന്റെ മേൽ പതിഞ്ഞു. എല്ലാവരും പരിശുദ്ധാത്മാവു നിറഞ്ഞവരായി ആത്മാവ് അവർക്ക് ഉച്ചരിപ്പാൻ നൽകിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി” (അ.പ്ര. 2:2-4).

**അ.പ്ര. 2:5-13 വായിക്കുക. ഈ സംഭവത്തിന്റെ പ്രാധാന്യമെന്ത്?**

പെന്തക്കൊസ്ത് എന്നത് ആഘോഷത്തിന്റെ പെരുന്നാളാണ്. ദൈവം തന്ന നന്മകൾക്കുള്ള നന്ദിയർപ്പിക്കലിന്റെ ആഘോഷം. അതുകൊണ്ടാവാം ഇവിടെ പുതുവീഞ്ഞു കുടിച്ചവരെപ്പോലെ എന്ന തെറ്റായ ആരോപണമുണ്ടായത് (അ.പ്ര. 2:13 -15). അന്യഭാഷകളിൽ സംസാരിക്കുകയും ശ്രവിക്കുകയും ചെയ്യുന്നതിൽ ദൈവശക്തി വെളിപ്പെടുകയാണ്. റോമാ സാമ്രാജ്യത്തിലെങ്ങു നിന്നും ഈ പെരുന്നാളിനു

യെരുശലെമിലെത്തിയ യഹൂദർ അവരവരുടെ ഭാഷകളിൽ യേശുവിനെക്കുറിച്ചുള്ള ദൂത് ശ്രവിച്ചു.

ചിതറിപ്പോയ ആദിമാനവ കുടുംബത്തെ പെന്തക്കൊസ്തു പെരുന്നാൾ, സമാനതകളില്ലാതെ ഒന്നിപ്പിച്ചു. ബാബേൽ ഗോപുര കാലം മുതൽ ചിതറിയ വംശീയ വേർതിരിവുകളെ ഇല്ലാതാക്കാൻ അതു സഹായിച്ചു. കൃപയെന്ന അത്ഭുതം മനുഷ്യ കുടുംബത്തിന്റെ പുനരൈക്യത്തിനു തുടക്കമിട്ടു. ബാബേലിൽ എന്താണോ നഷ്ടമായത് അത് വീണ്ടെടുക്കുന്ന ദൈവരാജ്യത്തെ സാക്ഷീകരിക്കുന്നതാണ് ആഗോളതലത്തിൽ ദൈവസഭയുടെ ഐക്യം.

**ചൊവ്വ** **ഒക്ടോബർ 30**

## കൂട്ടായ്മയുടെ ഐക്യം

പത്രൊസിന്റെ പ്രസംഗം കേട്ട 3000 പേർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കാൻ തീരുമാനിച്ചു. മാനസാന്തരത്തിനും രക്ഷയ്ക്കുമുള്ള വിളി അവർ സ്വീകരിച്ചു. ഇസ്രായേലിനുള്ള പഴയ നിയമ വാഗ്ദത്തങ്ങളുടെ പൂർത്തീകരണമാണ് യേശുവെന്ന് അവർ ഏറ്റെടുത്തു. ഇവരുടെയെല്ലാം ഹൃദയങ്ങളിൽ ദൈവമാണ് പ്രവർത്തിച്ചത്. ദൂരദിക്കുകളിൽ വച്ച് പലരും യേശുവിനെക്കുറിച്ചു കേട്ടിരുന്നിരിക്കാം. യേശുവിനെ ഒന്നു കാണാം എന്ന പ്രതീക്ഷയോടെയാവാം പലരും യെരുശലെമിൽ എത്തിയത്. ചിലർ യേശുവിനെ കണ്ടിരുന്നിരിക്കാം രക്ഷയെക്കുറിച്ചുള്ള ദൂതുകൾ ശ്രവിച്ചിട്ടുമുണ്ടാവാം. എന്നാലോ യേശുവിനെ പിന്തുടരാനുള്ള തീരുമാനം എടുത്തില്ല. പെന്തക്കൊസ്തു നാളിൽ ദൈവം അത്ഭുതകരമായി ശിഷ്യന്മാരുടെ ജീവിതത്തിൽ ഇടപെട്ടു. യേശുവിന്റെ പുനഃരുത്ഥാനത്തിന് അവരെ സാക്ഷികളാക്കി. ഇപ്പോൾ യേശുവിന്റെ നാമത്തിൽ ജനത്തിന് പാപമോചനം സാദ്ധ്യമാകുമെന്ന് അവർക്കറിയാം (അ.പ്ര. 2:38).

**അ.പ്ര. 2:42–47 വായിക്കുക. യേശുവിന്റെ ആദ്യകാല അനുയായികൾ വിശ്വാസികളുടെ സമൂഹമെന്ന നിലയ്ക്ക് എന്തെല്ലാം ചെയ്തു? ഈ വിസ്മയാവഹ ഐക്യത്തിന്റെ കൂട്ടായ്മ എങ്ങനെയുണ്ടായി?**

വിശ്വാസികളുടെ പുതിയ കൂട്ടം ആദ്യം ചെയ്തത് പ്രശംസനീയമാണ്. അവർ ആദ്യമേ തന്നെ അപ്പൊസ്തലന്മാരുടെ ശിക്ഷണത്തിൽ പഠിച്ചു. പുതുവിശ്വാസികളുടെ ആത്മീയ വളർച്ചയ്ക്ക് ഉതകുന്ന സുപ്രധാന മാർഗ്ഗമാണ് സുവിശേഷ പഠനം. ശിഷ്യന്മാർക്ക് യേശു പഠിപ്പിക്കാനുള്ള ദൗത്യം നൽകിയിരുന്നു: "ഞാൻ നിങ്ങളോടു കൽപിച്ചതൊക്കെയും പ്രമാണിക്കുവാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ട്" (മത്താ.28:20). ഈ പുതിയ കൂട്ടം അപ്പൊസ്തലന്മാരിൽ നിന്ന് യേശുവിനെക്കുറിച്ച് സകലതും പഠിക്കാൻ സമയം ചെലവഴിച്ചു. യേശുവിന്റെ ജീവിതം, ശുശ്രൂഷ, പഠിപ്പിക്കലുകൾ, ഉപമകൾ, പ്രസംഗങ്ങൾ, അത്ഭുതങ്ങൾ എല്ലാത്തിനെക്കുറിച്ചും അവർ കേട്ടു. എബ്രായ ഗ്രന്ഥങ്ങളിലെ പ്രവാചക എഴുത്തുകളുടെ പൂർത്തീകരണമാണ് യേശുവെന്ന് അവർ വിശ്വസിച്ചു.

അവർ പ്രാർത്ഥിച്ചും അപ്പം നുറുക്കിയും സമയം ചെലവിട്ടു. അ.പ്ര.2:46-ൽ സൂചിപ്പിക്കുന്നതു പോലെ അപ്പം മുറിക്കുക എന്നത് കർതൃമേശയാണോ ആഹാരം പങ്കിടലാണോ എന്നത് വ്യക്തമല്ല. കൂട്ടായ്മ എന്നു പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം അവർ ഒരുമിച്ച് സമയം പങ്കിട്ടു എന്നതാണ്. വല്ലപ്പോഴും അല്ല എപ്പോഴും പതിവായി കൂട്ടായ്മ ആചരിച്ചു. യെരുശലെം ദൈവാലയത്തിലും ഭവനങ്ങളിലും അവർ ഒത്തുചേർന്നു. യെരുശലെം ദൈവാലയം ഇന്നും ആരാധനയുടെയും ശുശ്രൂഷകളുടെയും കേന്ദ്രമായി നിലകൊള്ളുന്നു. ഇഴയടുപ്പമുള്ള ഒരു ജീവിതമായിരുന്നു അവരുടേത്. ഒരുമിച്ചായിരുന്നു അവരുടെ കഴിപ്പും പ്രാർത്ഥനയും. വിശ്വാസ സമൂഹത്തിന്റെ അടിസ്ഥാന ഘടകമാണ് പ്രാർത്ഥന. അത് ആത്മീയ വളർച്ചയ്ക്ക് അത്യന്താപേക്ഷിതവുമാണ്. അവർ ആരായനയ്ക്കായി സമയം ചെലവഴിച്ചു. ഈ കാര്യങ്ങളൊക്കെ അവർ ഒത്തൊരുമയോടെ “നിരന്തരം” ചെയ്തുവന്നു.

ഈ ഒത്തൊരുമയുള്ള കൂട്ടായ്മ യെരുശലെമിലെ മറ്റുള്ളവരുമായും നല്ല ബന്ധങ്ങൾ രൂപപ്പെടുത്തി. പുതുവിശ്വാസികളെ വർണ്ണിക്കുന്നത്, “സകല ജനത്തിന്റെയും കൃപ അനുഭവിക്കുകയും” (അ.പ്ര. 2:47) ചെയ്ത വർ എന്നാണ്. അവരുടെ ജീവിതത്തിലെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ചുറ്റുമുള്ളവരുടെ ഇടയിൽ ശക്തമായ മതിപ്പുളവാക്കി. യേശു മശിഹായാണെന്നതിന് അതു ശക്തമായ സാക്ഷ്യമായി.

**ഐക്യം, കൂട്ടായ്മ, സാക്ഷ്യം ഇവിടുത്തെ ഉദാഹരണത്തിൽ നിന്ന് ഇവ മൂന്നിനെക്കുറിച്ചും പ്രാദേശിക സഭയ്ക്ക് എന്ത് പഠിക്കാം?**

**ബുധൻ** **ഒക്ടോബർ 31**

## ഉദാരമനസ്കതയും അത്യാർത്ഥിയും

“വിശ്വസിച്ചവർ എല്ലാവരും ഒരുമിച്ചിരുന്ന് സകലവും പൊതുവക എന്ന് എണ്ണുകയും ജന്മഭൂമികളും വസ്തുക്കളും വിറ്റ് അവനവന് ആവശ്യം ഉള്ളതുപോലെ എല്ലാവർക്കും പങ്കിടുകയും ചെയ്തു” (അ.പ്ര. 2:44,45).

സകലവും പൊതുവകയായി പങ്കിട്ടത് ആ കൂട്ടായ്മയുടെ ആവശ്യമായിരുന്നില്ല. എന്നാലോ അവർ അനുഭവിച്ച ഒത്തൊരുമയുടെ അനുഭവത്തിന്റെ ഫലമായി പരസ്പര സ്നേഹത്തിന്റെ ബഹിർസ്ഫുരണമായാണ് അതു സംഭവിച്ചത്. ഐക്യത്തിന്റെ അടിയുറച്ച പ്രകടനവുമായിരുന്നു അത്. ഈ സഹകരണം കുറെ നാൾ തുടർന്നു. അതേക്കുറിച്ച് അപ്പൊസ്തല പ്രവർത്തികൾ 4, 5 അദ്ധ്യായങ്ങളിൽ വിവരിക്കുന്നുണ്ട്. പുതിയ നിയമത്തിൽ മറ്റു പലയിടത്തും ഈ ആശയം കാണുന്നു. അതിനി നമ്മൾ കാണും.

ഈ പശ്ചാത്തലത്തിലാണ് ബർണ്ണബാസിനെ ആദ്യമായി അവതരിപ്പിക്കുന്നത്. സ്വന്തമായി നിലമുള്ള ഒരു സമ്പന്നൻ. സമൂഹ നന്മയ്ക്കായി നിലം വിറ്റ പണം അദ്ദേഹം അപ്പൊസ്തലന്മാരുടെ പക്കൽ കൊണ്ടുവന്നു (അ.പ്ര.4:36,37). പിൻതുടരേണ്ട മാതൃകയാണ് ബർണ്ണബാസ്.

**അ.പ്ര. 4:32–37, 5:1–11 വായിക്കുക. ബർണ്ണബാസിന്റെ സ്വഭാവത്തെ അനന്യാസും സഫീറയുമായി താരതമ്യം ചെയ്യുക. ഈ ജോഡികൾക്ക് എന്ത് തെറ്റാണ് സംഭവിച്ചത്?**

അവർ പരിശുദ്ധാത്മാവിനോടു തിട്ടമായ കള്ളം പറഞ്ഞതിനു പുറമേ അത്യാർത്തിയും ദുർമ്മോഹവും പ്രകടിപ്പിച്ചു. സ്വാർത്ഥതയേക്കാളും അത്യാർത്തിയേക്കാളും വേഗത്തിൽ, കൂട്ടായ്മയേയും സഹോദരസ്നേഹത്തെയും നശിപ്പിക്കുവാൻ ഒരുപക്ഷേ മറ്റൊരു പാപത്തിനും കഴിയുകയില്ല. ആദിമസഭാ കൂട്ടായ്മയുടെ ആത്മാവിന് ഉത്തമ ഉദാഹരണമാണ് ബർണ്ണബാസ് എങ്കിൽ വിപരീതമാണ് അനന്യാസും സഫീറയും. നന്മയില്ലാത്തവരെക്കുറിച്ചു പോലും സത്യസന്ധമായാണ് ലൂക്കോസ് കഥകൾ പറയുന്നത്.

പത്തു കല്പനകളിൽ (പുറ.20:1–17), മോഹിക്കരുത് എന്ന അവസാന കല്പന മറ്റുള്ളവ പോലെയല്ല. മറ്റുള്ളവ ദൈവഹിതത്തിനെതിരെ കാണാവുന്ന മാനുഷ പ്രവർത്തികളാണെങ്കിൽ അവസാന കല്പന ഹൃദയരഹസ്യമാണ്. മോഹപാപം പ്രവർത്തിയല്ല, മനസ്സിൽ നടക്കുന്നതാണ്. മോഹവും സന്തത സഹചാരിയായ സ്വാർത്ഥതയും കാണാവുന്ന പാപമല്ല, പാപകര മാനുഷ പ്രകൃതിയാണ്. സ്വാർത്ഥ പ്രവർത്തികൾ ചെയ്യുമ്പോൾ മാത്രമാണ് അത് വെളിപ്പെടുന്നത്. അതായത് അനന്യാസും സഫീറയും ചെയ്തതുപോലെ. ഒരർത്ഥത്തിൽ മറ്റെല്ലാ കല്പനകളിലും പറയുന്ന പാപങ്ങളുടെ അടിവേരു കിടക്കുന്നത് ഈ കല്പനയിലാണ്. മോഹം അവരെ സാത്താന്റെ സ്വാധീനത്തിലാക്കി. ദൈവത്തോട് കളവു പറയാൻ ഇടയാക്കി. യൂദായുടെ മോഹവും അവനെ കൊണ്ടെത്തിച്ചത് മറ്റൊന്നിലേക്കല്ല.

**ജീവിതത്തിൽ നിന്ന് മോഹത്തിന്റെ വേരറുക്കാൻ എന്തു ചെയ്യണം? നമുക്കുള്ളതിന് സ്തോത്രവും നന്ദിയുമർപ്പിക്കുകയെന്നത് ഈ തിന്മയ്ക്കൊരു ഒറ്റമൂലിയാകുന്നത് എങ്ങനെ?**

**വ്യാഴം** **നവംബർ 1**

**ദരിദ്രരെ ഓർമ്മിക്കുക**

ആദിമസഭയിൽ ഐക്യത്തിന്റെ പ്രകടമായ അടയാളമായിരുന്നു സ്വത്തുക്കൾ പങ്കുവയ്ക്കുക എന്നത്. അപ്പൊസ്തല പ്രവർത്തികളുടെ ആദ്യ അദ്ധ്യായങ്ങളിൽ കാണുന്ന ഉദാരമനസ്ക്കത പിന്നീട് പൗലോസിന്റെ എഴുത്തുകളിലൂടെയും കാണാം. പൗലൊസ് സ്ഥാപിച്ച മെക്കദോന്യയിലെയും അഖായയിലെയും സഭകളോട് യെരുശലെമിലെ ദരിദ്രർക്കായി ധർമ്മശേഖരണം നടത്താൻ പൗലൊസ് ആവശ്യപ്പെട്ട (അ.പ്ര.11:27–30, ഗലാ. 2:10, റോമ.15:26, 1 കൊരി.16:1–4) ആ ധർമ്മശേഖരണത്തിന് ഒരു പ്രത്യേകതയുണ്ട്. യെരുശലെമിലെ യഹൂദ പാരമ്പര്യമുള്ള സഹോദരീ സഹോദരന്മാർക്കായി, ഒരിക്കൽ ജാതികളായിരുന്ന അംഗങ്ങളുടെ സഭയാണ് ധർമ്മശേഖരണം നടത്തിയിരിക്കുന്നത്. വംശീയ സാമുദായിക വ്യത്യാസങ്ങളുണ്ടായിട്ടും അവർ ക്രിസ്തുവിൽ ഒരു ശരീരമാണ്, ഒരേ സുവിശേഷം പങ്കിടുന്നു. ആവശ്യക്കാർക്കു

വേണ്ടി പങ്കുവയ്ക്കുന്ന ഈ അനുഭവം സഭയിൽ നിലനിന്നിരുന്ന ഐക്യത്തെ കാണിക്കുക മാത്രമല്ല ആ ഐക്യത്തെ ഊട്ടിയുറപ്പിക്കുകയും ചെയ്യുന്നു.

**2 കൊരി.9:8–15 വായിക്കുക. കൊരിന്തിലെ സഭ കാണിക്കുന്ന ഉദാരമനസ്കത യുടെ ഫലമെന്തായിരിക്കുമെന്നാണ് പൗലോസ് പറയുന്നത്?**

ഇന്നും എന്തു ചെയ്യാൻ സാധിക്കുമെന്നാണ് ആദിമസഭയിലെ ഐക്യാനുഭവം കാണിച്ചു തരുന്നത്. സകല വിശ്വാസികളുടെയും മനഃപൂർവ്വമായ സമർപ്പണത്തിലൂ ടെയല്ലാതെ ഉണ്ടായതല്ല ഐക്യം. ക്രിസ്തുവിൽ ഐക്യം വളർത്തുകയെന്നത് തങ്ങ ളുടെ ദൗത്യമായി ആദിമ സഭാ നേതാക്കൾ ഏറ്റെടുത്തു. ഭാര്യയും ഭർത്താവും മക്കളും തമ്മിലുള്ള സ്നേഹം അനുദിനം വളർത്തിയെടുക്കാനുള്ള ഉത്തരവാദിത്തം മനഃപൂർവ്വമായി നിറവേറ്റണം. ഇതുപോലെ തന്നെയാണ് വിശ്വാസികൾക്കിടയിലെ ഐക്യവും. നമുക്കു ക്രിസ്തുവിലുള്ള ഐക്യം പല വിധത്തിൽ പ്രോത്സാഹി പ്പിക്കണം വെളിപ്പെടുത്തണം.

പ്രാർത്ഥന, ആരാധന, കൂട്ടായ്മ, പൊതുദർശനം, ദൈവവചന പഠനം എന്നിവ യാണ് ആദിമ സഭയിൽ ഐക്യം വളർത്തിയ ഘടകങ്ങൾ. സകല ദേശങ്ങളോടും സുവിശേഷമറിയിക്കുകയാണ് ദൗത്യമെന്ന് മനസ്സിലാക്കിയതിനു പുറമേ പരസ്പരം സ്നേഹിപ്പാനും ശുശ്രൂഷിപ്പാനുമുള്ള കടമയും അവർ തിരിച്ചറിഞ്ഞു. ഐക്യം പ്രാദേശിക സഭയിലെ പരസ്പര സഹകരണത്തിലും ഉദാരമനസ്കതയിലും ദൃശ്യ മായി. വിദൂരങ്ങളിലാണെങ്കിൽ പോലും സഭകൾ തമ്മിലും ഐക്യം ഉണ്ടായിരു ന്നു.

“ദൈവകൃപ ലഭിച്ചത് വെറുതെയായില്ല എന്ന് അവരുടെ ഔദാര്യം തെളിയിച്ചു. അത്തരം നിർലോഭത്വം പരിശുദ്ധാത്മ ശുദ്ധീകരണത്താലല്ലാതെ മറ്റെന്തിനു നൽകാ നാകും? വിശ്വാസികളുടെയും അവിശ്വാസികളുടെയും കണ്ണുകളിൽ അത് കൃപ യുടെ അത്ഭുതമായിരുന്നു.” – എലൻ ജി. വൈറ്റ്, ദി ആക്റ്റ്സ് ഓഫ് അപ്പോസൽസ്, പേജ് 344.

**മറ്റുള്ളവരോടുള്ള ഉദാരമനസ്കതയുടെ ഫലങ്ങൾ നിങ്ങളും നിങ്ങളുടെ സഭയും എങ്ങനെയാണ് അനുഭവിച്ചിട്ടുള്ളത്? അതായത് മറ്റുള്ളവർക്ക് കൊടുത്ത വർക്ക് എന്ത് അനുഗ്രഹം സിദ്ധിച്ചു?**

**വെള്ളി** **നവംബർ 2**

**കൂടുതൽ പഠനം:** *എലൻ ജി. വൈറ്റ്, “പെന്തെക്കൊസ്ത്”, പേജ് 35–46, “ദി ആക്റ്റ്സ് ഓഫ് ദി അപ്പോസൽസിൽ” നിന്ന്.*

“വിശ്വാസികളുടെ ഭാഗത്തു നിന്നുണ്ടായ വിശാല മനസ്കത (അ.പ്ര.2:44,45 കൂടാതെ 4:32–35) പരിശുദ്ധാത്മവർഷത്തിന്റെ ഫലമാണ്. സുവിശേഷം കേട്ട് മനം തിരിഞ്ഞവർ ഒരേ ആത്മാവും ഹൃദയവുമുള്ളവരായിരുന്നു. ഏല്പിച്ച ദൗത്യത്തിന്റെ വിജയമെന്ന ഏകീകൃത ലക്ഷ്യമാണു അവരെ നിയന്ത്രിച്ചത്. മോഹത്തിന് സ്ഥാന മില്ലായിരുന്നു. സഹോദരന്മാരോടും തിരഞ്ഞെടുത്ത മാർഗ്ഗത്തോടുമുള്ള സ്നേഹം പണത്തിനും സ്വത്തുക്കൾക്കും മീതെയായിരുന്നു. ഭൂമിയിലെ സമ്പത്തിനെക്കാൾ മനുഷ്യന്റെ ആത്മാവിനു വില കൽപിക്കുന്നതായിരുന്നു അവരുടെ പ്രവൃത്തികൾ.

"ദൈവാത്മാവ് ജീവിതത്തിന്റെ നിയന്ത്രണമേറ്റെടുക്കുമ്പോൾ അങ്ങനെയാണ്. ഹൃദയം ക്രിസ്തുസ്നേഹത്താൽ നിറഞ്ഞവർ അവന്റെ മാതൃക പിൻപറ്റും. ദാരിദ്ര്യത്തിലൂടെ നമ്മെ സമ്പന്നരാക്കുവാൻ അവൻ നമുക്കുവേണ്ടി ദരിദ്രനായി. ധനം, സമയം, സ്വാധീനം - ദൈവത്തിൽ നിന്നു പ്രാപിച്ച ഓരോ കൃപാദാനവും സുവിശേഷവേലയുടെ വ്യാപ്തിക്കായുള്ള മാർഗ്ഗങ്ങളായേ എണ്ണൂ. അപ്രകാരമായിരുന്നു ആദിമസഭയിൽ. അങ്ങനെ ഇന്നത്തെ സഭയിലും പരിശുദ്ധാത്മ ശക്തിയാൽ അംഗങ്ങൾ ലോകതാൽപര്യം വെടിഞ്ഞ് സ്വയം ത്യജിച്ച് സഹജീവികളോട് സുവിശേഷം പറഞ്ഞാൽ, ആ സത്യത്തിന് കേൾവിക്കാരുടെമേൽ ശക്തമായ സ്വാധീനമുണ്ടാകും." - *എലൻ ജി. വൈറ്റ്, ദി ആക്റ്റ്സ് ഓഫ് ദി അപ്പൊസൽസ്, പേജ് 70, 71.*

**ചർച്ച**

1. **ആദിമസഭ അനുഭവിച്ച ഐക്യത്തിന് സഹായിച്ച ഘടകങ്ങൾ എന്തെന്ന് ഈയാഴ്ചയിലെ പാഠത്തിലൂടെ വായിക്കുക. ഇന്ന് ഒരു സഭയെന്ന നിലയിൽ എങ്ങനെ അത് സാധിക്കും? അതായത് അന്നത്തെ വിശ്വാസികൾക്കുണ്ടായിരുന്ന എന്താണ് ഇന്നില്ലാത്തത്?**
2. **യെരുശലെമിലെ ദരിദ്രരെ സഹായിക്കാൻ ധർമ്മശേഖരണം നടത്തുന്ന ആദ്യകാല പുതിയനിയമ സഭയുടെ ഉദാഹരണം ഇന്ന് നമുക്കു ചെയ്യാനുള്ളതിന്റെ ഉദാഹരണമാകുന്നതെങ്ങനെ? മറ്റ് സാമൂഹ്യ വിഷയങ്ങളോ? തങ്ങളുടെ സമൂഹങ്ങളിൽ നിന്ന് ദാരിദ്ര്യം കുറച്ച് അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റിക്കൊണ്ട് പ്രാദേശിക സഭകൾക്ക് എങ്ങനെ ഇടപെടാനാകും?**
3. **അനന്യാസിന്റെയും സഫീറയുടെയും ദുഃഖകഥയിൽ നിന്ന് എന്ത് പാഠം പഠിക്കാം? ഈ രണ്ടു മരണങ്ങൾ മൂലം സഭയിൽ "വൻഭയം" ഉണ്ടായി. അ.പ്ര.5:5, 5:11 ഇതു സൂചിപ്പിക്കുന്ന പദപ്രയോഗത്തിന്റെ പ്രാധാന്യമെന്താണ്?**

**സംഗ്രഹം:** ആദിമസഭ വൻ വളർച്ച നേടി. കാരണം യേശുവിന്റെ ശിഷ്യന്മാർ വാഗ്ദത്തം കിട്ടിയ പരിശുദ്ധാത്മവർഷത്തിനായി ഒരുങ്ങി. കൂട്ടായ്മ, പൊതുവിശ്വാസം ഇവയിലൂടെ ഹൃദയങ്ങളെ പെന്തക്കൊസ്തു നാളിനായി പരിശുദ്ധാത്മാവ് ഒരുക്കി. ആ നാളിനു ശേഷം പരിശുദ്ധാത്മാവ് സഭയെ രൂപാന്തരപ്പെടുത്തിക്കൊണ്ടിരുന്നു. പരസ്പര വിശാല മനസ്കതയിൽ അത് വെളിപ്പെട്ടു. സഭ അതിവേഗം വളർന്നു.

****